# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 13-04-2014

## പ്ലസ്വൺ അഡ്മിഷൻ നടപടികൾ ഉടൻ ആരംഭിക്കണം

**കെ.എസ്.ടി.എ**

എസ് എസ് എൽ സി പരീക്ഷാഫലം മുൻവർഷത്തേതിലും നേരത്തേ പ്രസിദ്ധീകരിച്ചതിന്റെ ഗുണം വിദ്യാർത്ഥികൾക്ക് അനുഭവപ്പെടാൻ കഴിയുന്നവിധത്തിൽ ഏകജാലകം വഴിയുള്ള പ്ലസ്വൺ അഡ്മിഷൻ നടപടികൾ ഉടനെ ആരംഭിക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

പ്ലസ്വൺ, പ്ലസ്ടു പരീക്ഷകൾ ഒരുമിച്ചാണ് എല്ലാവർഷവും നടത്താറുള്ളത്. അഡ്മിഷൻ നടപടികൾ വൈകി പൂർത്തിയാവുന്നതിനാൽ പ്ലസ്വൺ ക്ലാസ്സുകൾ വളരെ വൈകിയാണ് ആരംഭിക്കുന്നത്. ഇതിനു മാറ്റം വരണം - ജൂൺ മാസത്തിൽ തന്നെ പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാം. എസ് എസ് എൽ സി പരീക്ഷാഫലം വളരെ നേരത്തേ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ബന്ധപ്പെട്ടവരെ കെ എസ് ടി എ അഭിനന്ദിച്ചു. റിസൾട്ട് നേരത്തേ പ്രസിദ്ധീകരിച്ചതിൽ അധ്യാപകർ വലിയ പങ്കുവഹിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പും മറ്റു അവധി ദിനങ്ങൾ വന്നതിനാലും വാലേഷൻ നടന്ന ദിവസങ്ങൾ കുറവായിരുന്നു. അധ്യാപകർ ഓരോ ദിവസവും കൂടുതൽ പേപ്പറുകൾ മൂല്യനിർണയം നടത്തിയതിനാലാണ് റിസൾട്ട് നേരത്തേ പ്രഖ്യാപിക്കാൻ കഴിഞ്ഞത്. വളരെ പ്രയാസങ്ങൾ സഹിച്ചും മൂല്യനിർണം സമയബന്ധിതമായി പൂർത്തിയാക്കിയ അധ്യാപകരെ കെ എസ് ടി എ സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്തു.

2005 മുതൽ മോഡറേഷനില്ലാതെ തന്നെ എസ് എസ് എൽ സി പരീക്ഷയിലെ വിജയശതമാനം ഉയർന്ന നിലയിൽ സ്ഥിരമായി നില നിൽക്കുന്നതാണ്. ഉയർന്ന വിജയ ശതമാനത്തിനെതിരെ ചില കോണുകളിൽ നിന്നുയരുന്ന വിമർശനത്തെ അപ്രസക്തമാക്കുന്നു. സർക്കാരിന്റെ പ്രത്യേക ശ്രദ്ധയുണ്ടായാൽ വിദ്യാലയങ്ങളുടെ പഠന നിലവാരം ഉയർത്താൻ കഴിയുമെന്നതിന്റെ തെളിവാണ് 2006 മുതൽ സർക്കാർ ദത്തെടുത്ത 107 വിദ്യാലയങ്ങളിലെ ഉയർന്ന വിജയശതമാനമെന്നും കെ എസ് ടി എ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി